## പതിമൂന്നാം കേരളനിയമസഭ
## പതിനാലാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.2173** | **07/07/2015-ൽ മറുപടിക്ക്**

## കൊരട്ടി ഇൻഫോപാർക്കിന്റെ മൂന്നാം ഘട്ട വികസനം

**ചോദ്യം**

ശ്രീ. ബി. ഡി. ദേവസ്സി

**മറുപടി**

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി
(വ്യവസായവും വിവരസാങ്കേതികവും വകുപ്പ് മന്ത്രി)

---

| | | | |
|---|---|---|---|
| (എ) | കൊരട്ടി ഇൻഫോപാർക്കിന്റെ മൂന്നാം ഘട്ട വികസന പ്രവർത്തന പുരോഗതി അറിയിക്കുമോ ; | (എ) & (ബി) | കൊരട്ടി ഇൻഫോപാർക്കിൽ ആദ്യഘട്ടമായി കണക്കാക്കപ്പെടുന്ന പഴയ കെട്ടിടങ്ങൾ പുതുക്കി പണിതൊരുക്കിയ 52000 ച. അടി. വിസ്തീർണ്ണമുള്ള കെട്ടിടത്തിൽ ഐ.ടി. കമ്പനികൾ പ്രവർത്തിച്ച് വരുന്നു. നിർമ്മാണത്തിലിരിക്കുന്ന 3.3 ലക്ഷം ച.അടി. പുതിയ കെട്ടിടത്തിന്റെ നിർമ്മാണം 2015 ഡിസംബറോടെ പൂർത്തിയാക്കി ഐ.ടി. കമ്പനികൾക്കായി തുറന്ന് കൊടുക്കുന്നതിനാണ് ഉദ്ദേശിക്കുന്നത്. |
| (ബി) | നിർമ്മാണം എന്നേക്ക് പൂർത്തിയാകുമെന്നും പുതിയ കമ്പനികളുൾപ്പെടെയുള്ളവയുടെ പ്രവർത്തനം എന്നത്തേക്ക് ആരംഭിക്കാൻ കഴിയുമെന്നും വ്യക്തമാക്കാമോ ? | | |

സെക്ഷൻ ഓഫീസർ